# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3613 17.12.2015-ലെ മറുപടിക്ക്

## സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി

**ചോദ്യം**

ശ്രീ. സി. ദിവാകരൻ
ശ്രീ. കെ. രാജു
ശ്രീ. കെ. അജിത്
ശ്രീ. ജി.എസ്. ജയലാൽ

**ഉത്തരം**

ശ്രീ. ഉമ്മൻചാണ്ടി
ബഹു. മുഖ്യമന്ത്രി

| | | |
|---|---|---|
| (എ) | സംസ്ഥാനം കടുത്ത സാമ്പത്തിക പ്രതിസന്ധിയെ അഭിമുഖീകരിക്കുന്നുണ്ടോ ; | സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി നിലവിലില്ല. നികുതി വരുമാനത്തിൽ പ്രതീക്ഷിച്ച വളർച്ച കൈവരിക്കാൻ കഴിയാത്തതിനാലും വിവിധ അടിസ്ഥാന ചെലവിനങ്ങൾക്ക് വൻതോതിൽ പണം ചെലവിടേണ്ടി വരുന്നതിനാലും നേരിയ തോതിൽ സാമ്പത്തിക ഞെരുക്കം നേരിടുന്നുണ്ട്. |
| (ബി) | നികുതി പിരിവ് കുറയുകയും ചെലവ് വൻതോതിൽ ഉയരുകയും ചെയ്തിട്ടും റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിന് യാതൊരു പദ്ധതിയും നടപ്പിലാക്കുന്നില്ലെന്ന് ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | നികുതി പിരിവിൽ കുറവ് ഉണ്ടായിട്ടില്ല. എന്നാൽ റവന്യൂ വരവിന്റെ വളർച്ചാ നിരക്കിൽ പ്രതീക്ഷിച്ച വർദ്ധന കൈവരിക്കാൻ കഴിഞ്ഞിട്ടില്ല എന്നത് വസ്തുതയാണ്.<br>നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നികുതി കുടിശ്ശികയിന്മേൽ ഏർപ്പെടുത്തിയിട്ടുള്ള എല്ലാ ഉപാധി രഹിത സ്റ്റേകളും പിൻവലിച്ചിട്ടുണ്ട്. ഒരു ലക്ഷത്തിൽ കൂടുതൽ തുകയ്ക്ക് മുകളിൽ സ്റ്റേ അനുവദിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുമന്ത്രിയും ധനമന്ത്രിയും മുഖേന മുഖ്യമന്ത്രിയുടെ അനുമതി വാങ്ങേണ്ടതാണ്. നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി എല്ലാത്തരം മദ്യം, വൈൻ, ബിയർ, സിഗററ്റ് എന്നിവയിന്മേലുള്ള നികുതി വർദ്ധിപ്പിച്ചിട്ടുണ്ട്. ഭൂമിയുടെ ന്യായവില പുനർനിർണ്ണയിച്ചിട്ടുണ്ട്. ഭൂനികുതി, തോട്ടം നികുതി എന്നിവയിൽ കാലോചിതമായ വർദ്ധനവ് വരുത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. |

| | | |
|---|---|---|
| | | നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വിദ്യാഭ്യാസ, ആരോഗ്യ വകുപ്പ് ഒഴികെ എല്ലാ വകുപ്പുകളിലും നിലവിലുള്ള യൂസർ ചാർജ്ജുകളും ഫീസുകളും വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (സി) | സംസ്ഥാനത്തിന്റെ പൊതുകടം 2011-12 ലും 2014-15 ലും എത്രയായിരുന്നുവെന്ന് താരതമ്യം ചെയ്ത് മറുപടി ലഭ്യമാക്കുമോ ; | സംസ്ഥാനത്തിന്റെ പൊതുകടം 2011-12 ൽ (31.03.2012 വരെ) 89418.18 കോടി രൂപയായിരുന്നു. ആയത് 2014-15 ലെ പൊതുകടമായ 135440.24 കോടി രൂപയുമായി താരതമ്യം ചെയ്യുമ്പോൾ 51.47 ശതമാനം വർദ്ധനയാണ് ഉണ്ടായിട്ടുള്ളത്. |
| (ഡി) | സംസ്ഥാനത്തിന്റെ റവന്യൂ കമ്മി 2011 മാർച്ചിലും 2015 മെയ് മാസത്തിലും എത്രയായിരുന്നുവെന്ന് വെളിപ്പെടുത്തുമോ ? | സംസ്ഥാനത്തിന്റെ റവന്യൂ കമ്മി 2011 മാർച്ചിൽ 3673.86 കോടി രൂപയും ആയത് 2015 മെയ് മാസത്തിലെ അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം 196.44 കോടി രൂപയുമായിരുന്നു. |

സെക്ഷൻ ഓഫീസർ